## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളയുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ, ഐ.എഫ്.എസ്

വിഷയം:- കേരള വനം വകുപ്പ് - ജീവനക്കാര്യം - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.പി.പ്രസാദിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 287/2018/വനം തീയതി, തിരവനന്തപുരം, 19-06-2018.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21-02-2019-ലെ ഡി1-19726/14 നമ്പർ കത്ത്.
3. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 209/2019/വനം തീയതി, തിരവനന്തപുരം, 06-06-2019.
4. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 16-02-2019-ലെ ഇ4-39475/16 നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ് നമ്പർ ഡി1-19726/14 തീയതി 10-06-2019**

സർക്കാരിന്റെ പരാമർശം (1) ഉത്തരവിൽ, വനം വകുപ്പിലെ 45 ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുവാൻ അനുമതി നൽകിയിരുന്നു. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.എം.പി.പ്രസാദിനെതിരെ അച്ചടക്കനടപടി നിലവിലുണ്ടായിരുന്നതിനാൽ ടിയാനെ താൽക്കാലിക പ്രൊമോഷൻ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ ടിയാനെതിരെ നിലനിലനിന്നിരുന്ന അച്ചടക്ക നടപടിയെല്ലാം തന്നെ തീർപ്പാക്കിയന്റെ അടിസ്ഥാനത്തിലും, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനാലും, സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.എം.പി.പ്രസാദിന്റെ ജൂനിയർ ആയിട്ടുള്ളവർക്ക് ഇതിനകം പ്രൊമോഷൻ നൽകിയ സാഹചര്യത്തിലും, ടിയാന്

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് അനുമതിക്കായി സർക്കാരിനോട് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാരിന്റെ പരാമർശം (3) പ്രകാരമുളള ഉത്തരവിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഉളളതിനാൽ, കെ.എസ്.& എസ്.എസ്.ആർ, ഭാഗം (II) ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക പ്രൊമോഷന് സർക്കാർ ഏർപ്പെടുത്തിയിട്ടുളള വിലക്കിൽ ഇളവ് അനുവദിച്ച്, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.എം.പി.പ്രസാദിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി കെ.എസ്.& എസ്.എസ്.ആർ, ഭാഗം (II) ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനും, തസ്തികമാറ്റം മുഖേന റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക്, 39500-83000 ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്.ആർ. ചട്ടം 31 (a) (i) 2-ാം വാല്യം പ്രകാരമുള്ള നിബന്ധനകൾക്കും, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പി.കെ.കേശവൻ, ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള എന്ന ഞാൻ ഉത്തരവാകുന്നു.

നിയമന ഉത്തരവ് വേറെ പുറപ്പെടുവിക്കുന്നതാണ്.

1. ഈ സ്ഥാനക്കയറ്റം ഭരണപരമായ പ്രതിസന്ധി മറികടക്കുന്നതിനുള്ള താൽക്കാലിക നിയമനം മാത്രമാണ്. താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്നു എന്ന കാരണത്താൽ, ഭാവിയിലെ പ്രൊമോഷൻ/ സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല.
2. ടി സ്ഥാനക്കയറ്റം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ അധികരിച്ചിട്ടുള്ളതാ-കയാൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട്

തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ, നിശ്ചിത ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക നിയമനം ലഭിച്ചയാളെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്.

3. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക നിയമനം ലഭിച്ചയാളുടെ നിയമനം ക്രമീകരിക്കുകയുള്ളൂ.

10/06/19

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &**
**ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള**

To

ശ്രീ.എം.പി.പ്രസാദിന് ഓഫീസ് മേലധികാരി മുഖേന അറിവിലേയ്ക്കായി നൽകുന്നു.

പകർപ്പ്:
1. പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വിഭാഗത്തിന് അറിവിലേയ്ക്കായി നൽകുന്നു.
2. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അറിവിലേയ്ക്കായി നൽകുന്നു.
3. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്കും/ കൺസർവേറ്റർമാർക്കും/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർക്കും അറിവിലേയ്ക്കായി നൽകുന്നു.
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)-ന് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
5. അക്കൗണ്ടന്റ് ജനറൽ (എ.& ഇ), കേരള, തിരുവനന്തപുരത്തിന് നൽകുന്നു.
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
7. ഇ സെക്ഷൻ, എച്ച് സെക്ഷൻ, ബി സെക്ഷൻ- ഡി3 സെക്ഷൻ സൂപ്രണ്ട് മുഖേന